## Preliminary Details

Standard - 3

Subject : EVS

Unit : 2 ജന്തുലോകം.

Time : 6 period

## പഠനലക്ഷ്യം

ജീവികളുടെ സഞ്ചാരരീതി നിരീക്ഷിച്ച് സവിശേഷതകൾ കണ്ടെത്തി നിഗമനങ്ങളിലെത്തിച്ചേരുകയും ജീവികളുടെ ശാരീരിക സവിശേഷതകളും സഞ്ചാരരീതിയും തമ്മിലുള്ള ബന്ധം സംബന്ധിച്ച ധാരണകൾ രൂപീകരിക്കുകയും ചെയ്യുക.

## മുന്നറിവുകൾ

- പരിസരത്തുള്ള കോഴി, നായ, പാമ്പ്, കാക്ക, മീൻ തുടങ്ങിയ ജീവികളുടെ സഞ്ചാരരീതി കണ്ടിട്ടുണ്ട്.
- കാലുകൾ, ചിറകുകൾ തുടങ്ങി സഞ്ചാരത്തെ സഹായിക്കുന്ന ശാരീരിക പ്രത്യേകതകൾ നിരീക്ഷിച്ചിട്ടുണ്ട്.

## ആശയം /ധാരണകൾ

- ശാരീരിക സവിശേഷതകളിൽ ഓരോ ജീവിയും വേറിട്ട് നിൽക്കുന്നു.
- ജീവികളുടെ സഞ്ചാരത്തിൽ വൈവിധ്യമുണ്ട് (നടക്കുന്നവ, ഇഴയുന്നവ, പറക്കുന്നവ, നീന്തുന്നവ)
- ചില ജീവികൾക്ക് ഒന്നിലധികം രീതിയിൽ സഞ്ചരിക്കാൻ കഴിയും.

പഠനപ്രവർത്തനങ്ങൾ | വിലയിരുത്തൽ.

പ്രവേശക പ്രവർത്തനം

* അധ്യാപിക ഒരു കവിത ICT യുടെ സഹായത്തോടു കൂടി അവതരിപ്പിക്കുന്നു. ശേഷം അധ്യാപിക ആംഗ്യത്തോടെ അവതരിപ്പിക്കുന്നു.

പച്ചിലക്കാട്ടിലെ തത്തമ്മ
പറന്നു പാടത്തെത്തുന്നു.
- - - - - .
- - - - -   - - - .

ശേഷം അധ്യാപിക ഗ്രൂപ്പ് ജീവികളുടെ പേരിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിക്കുന്നു. കിട്ടിയ പേരിന്റെ അടിസ്ഥാനത്തിൽ ജീവിയുടെ സഞ്ചാരരീതി കുട്ടികൾ അവതരിപ്പിക്കുന്നു.

മികച്ചത് തെരഞ്ഞെടുത്ത് പ്രോത്സാഹിപ്പിക്കുന്നു.

* പ്രവർത്തനം - 1

Tr. ICT യുടെ സഹായത്തോടെ രണ്ടോ മൂന്നോ ജീവികളുടെ ചിത്രം കാണിക്കുന്നു (പൂച്ച, പാമ്പ്, തവള, കാക്ക, മത്സ്യം)

ചർച്ച നടത്തുന്നു.

സൂചകങ്ങൾ

- എല്ലാ ജീവികളും ഒരേ വിധത്തിലാണോ സഞ്ചരിക്കുന്നത്?

- പൂച്ച എങ്ങനെയാണ് സഞ്ചരിക്കുന്നത്?
- പൂച്ചയുടേത് പോലെയാണോ കാക്കയുടെ സഞ്ചാരം?
- പാമ്പിന്റെ സഞ്ചാരമെങ്ങനെ?
- ഇതിലേതെങ്കിലും രീതിയിലാണോ മീനുകൾ സഞ്ചരിക്കുന്നത്?

ക്രോഡീകരണം

* ~~ഓരോ~~ ജീവികൾ വ്യത്യസ്തരീതിയിൽ സഞ്ചരിക്കുന്നു.
* ചില ജീവികൾ നടക്കുന്നു, ചിലവ ചാടുന്നു. മറ്റു ചില ജീവികൾ പറക്കുന്നു, നീന്തുന്നു ചില ജീവികൾ ഇഴഞ്ഞും സഞ്ചരിക്കുന്നു.

~~* സഞ്ച~~

പ്രവർത്തനം - 2

തുടർന്ന് ICT യുടെ സഹായത്തോടെ ജീവികളുടെ ഒറിഗാമി രൂപങ്ങൾ നിർമ്മിക്കുന്നു. കുട്ടികൾക്കും ഇവ നിർമ്മിക്കാൻ അവസരം നൽകുന്നു.

പ്രവർത്തനം - 3

അധ്യാപിക മറ്റു ജീവികളുടെ സഞ്ചാരവുമായി ബന്ധപ്പെട്ട ഏതാനും ഉദാഹരണങ്ങൾ കൂടി ചർച്ചയിൽ കൊണ്ടുവരുന്നു.
ഏതെല്ലാം രീതികളിലാണ് ജീവികൾ സഞ്ചരിക്കുന്നത്?

- നടക്കുന്നു
- ഇഴയുന്നു
- പറക്കുന്നു
- നീന്തുന്നു.

തുടർ പ്രവർത്തനം

(ഇഴയുന്നവ, പറക്കുന്നവ, നീന്തുന്നവ)
കരയിലൂടെയും ജലത്തിലൂടെയും സഞ്ചരിക്കുന്ന ജീവികളുടെ ചിത്രങ്ങൾ ശേഖരിച്ച് എന്റെ പരിസര പുസ്തകത്തിൽ തരംതിരിച്ച് ഒട്ടിക്കുക.